കേരള സർക്കാർ

# മൂവാറ്റുപുഴ നഗരസഭ
# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(എം.1)101 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി :08.02.2017

ചെയർമാൻ(സെക്രട്ടറി മുഖേന)
മൂവാറ്റുപുഴ നഗരസഭ.

സർ,

.

വിഷയം : മൂവാറ്റുപുഴ നഗരസഭ -2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലേക്ക് നഗരസഭ അധികൃതരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ തൃപ്പൂണിത്തുറ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. {1997-ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15}.

.

ഈ ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക).

.

വിശ്വസ്തതയോടെ

.

ജോയിന്റ് ഡയറക്ടർ

.

പകർപ്പ് :

1. സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഡയറക്ടർ, നഗരകാര്യ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, എറണാകുളം
5. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-ഇ.കെ.എം(എം.1)101/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in
തീയതി : 08.02.2017

**എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നഗരസഭയുടെ 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ മുനിസിപ്പാലിറ്റി നിയമം- വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നഗരസഭയുടെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 18/05/15മുതൽ 31/03/2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ നഗരസഭയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണ ത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ധന്യ ബാലകൃഷണൻ , ജോയിൻറ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12/01/2017മുതൽ 21/01/2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഷൈല എം.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി ജലജ .എം.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സ്റ്റാർ പി.ജോൺ, അസസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി മായ കൃഷ്ണൻ, ഓഡിറ്റർ |
| | ശ്രീ.ജോഷി തോമസ്, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ.യു.ആർ.ബാബു | 01.04.15മുതൽ 31.10.15വരെ |
| | അഡ് മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.15 മുതൽ 17.11.15 വരെ |
| | ശ്രീമതി ഉഷ ശശീധരൻ | 18.11.15മുതൽ 31.03.16വരെ |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.എം.മുഹമ്മദ് ഹുവൈസ് | 01.04.15മുതൽ 05.05.15 വരെ |
| | ശ്രീമതി.ബിന്ദു.വി.കെ(റവന്യൂ ഓഫീസർ-സെക്രട്ടറി ഇൻചാർജ് | 06.05.15മുതൽ 03.08.15 വരെ |
| | ശ്രീ.വി.പി.ഷിബു | 04.08.15മുതൽ 31.03.16വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ, ജനറൽ ആശുപത്രി | ഡോ.എം.എം.ഷാനി | 1.4.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.സി.എ.ജനാർദ്ധനൻ | 01.04.15 മുതൽ 31.08.15 വരെ |
| | ഡോ.പി.ആർ.സലിം | 01.09.15മുതൽ 01.10.15 വരെ |
| | ഡോ.പി.ആർ.ഷാജി | 02.10.15 മുതൽ 12.02.16 വരെ |
| | ഡോ.സി.ജയശ്രീ | 13.2.16 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ, (ഹോമിയോ) | ഡോ.രാമചന്ദ്രവാര്യർ ടി.എസ് | 01.04.15 മുതൽ 22.01.16 വരെ |
| | ഡോ.റോയി എം ജോർജ്ജ് | 23.01.16 മുതൽ 23.02.16 വരെ |
| | ഡോ.ജെ.ശക്തികുമാർ പൈ | 24.02.16 മുതൽ 31.03.16 വരെ |
| വെറ്ററിനറി സർജൻ | ഡോ.ഷാജി പൗലോസ് | 01.04.15 മുതൽ 23.09.15 വരെ |
| | ഡോ.ധന്യ വി .പൈ | 24.09.15 മുതൽ 05.12.15 വരെ |
| | ഡോ.രഞ്ജിത്ത് കൃഷ്ണൻ | 06.12.15 മുതൽ 31.03.16 വരെ |
| മുനിസിപ്പൽ എഞ്ചിനീയർ | ശ്രീ.പി.യു .ശിവപ്രസാദ് | 01.4.15 മുതൽ 31.03.16 വരെ |
| കൃഷി ഓഫീസർ | ശ്രീ.എസ്.സുദർശനൻ | 01.04.15 മുതൽ 31.03.16 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി സൂസമ്മ .എൽ.പി | 01.04.15 മുതൽ 31.03.16 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.വി.ജെ.ജോർജ്ജ് കുട്ടി | 01.04.15 മുതൽ 03.06.15 വരെ |
| | ശ്രീമതി ലിസ്സി ആന്റണി | 4.6.15 മുതൽ 11.07.15 വരെ |
| | ശ്രീ.എസ്.രാജീവ് | 12.7.15 മുതൽ 30.07.15 വരെ |
| | ശ്രീ.അൻവർ. എൻ.എച്ച് | 31.7.15 മുതൽ 31.03.16 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി എ.എം.അൻസാർ ബീഗം | 1.4.15 മുതൽ 31.05.15 വരെ |
| | ശ്രീ.കെ.പി.മാത്യൂ | 1.6.15 മുതൽ 21.09.15 വരെ |
| | ശ്രീമതി അജിത കുമാരി കെ.കെ | 22.9.15 മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| ഭാഗം 2 | | |

| | | |
|---|---|---|
| 12 | മൊബൈൽ ടവറുകളുടെ നികുതി ഈടാക്കിയില്ല | 2-1 |
| 13 | തൊഴിൽ നികുതി അപാകതകൾ | 2-2 |
| 14 | മുനിസിപ്പൽ പാർക്ക് – വരവ് ചെലവുകൾ നഗരസഭയുടെ കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല | 2-3 |
| 15 | വാടക കുടിശിക ഈടാക്കുന്നില്ല | 2-4 |
| 16 | വിനോദ നികുതി-കൃത്യത പരിശോധിക്കുന്നില്ല | 2-5 |
| ഭാഗം 3 | | |
| 17 | നഗരസഭ സെക്രട്ടറിക്ക് വീട്ട് വാടക അനുവദിച്ചത് | 3-1 |
| 18 | എസ്റ്റിമേറ്റിനും രൂപകൽപനയ്ക്കും അനുവദനീയമായതിൽ കൂടുതൽ ഫീസ് നൽകി | 3-2 |
| 19 | തൊഴിൽ രഹിത വേതനം പ്രായപരിധി കഴിഞ്ഞും നൽകി | 3-3 |
| 20 | ടൗൺഹാൾ നവീകരണം,പെയിന്റിംഗ് | 3-4 |
| 21 | പഴയ പാലത്തിൽ ആർച്ച് നിർമ്മാണം | 3-5 |
| 22 | സിമന്റ് കോൺക്രീറ്റിംഗിന് അധികം തുക നൽകിയത് | 3-6 |
| 23 | എൻ.എൻ. എസ്. പൗർണമി റോഡ് ഡ്രെയിനേജ് പാരപ്പെറ്റ് നിർമ്മാണം | 3-7 |
| 24 | സ്വാന്ത്വനം-പാലിയേറ്റീവ് പരിചരണ പരിപാടി | 3-8 |
| 25 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല | 3-9 |
| 26 | പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കാതെ പ്രവൃത്തി ചെയ്തു | 3-10 |
| 27 | പഠനമികവുള്ള കുട്ടികൾക്ക് ധനസഹായം(എസ്.സി) | 3-11 |
| 28 | സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല | 3-12 |
| 29 | പെൻഷൻ കോൺട്രിബ്യൂഷൻ | 3-13 |
| 30 | ബിറ്റുമിൻ വാങ്ങുന്നതിന് അടച്ച അധിക തുക തിരികെ വാങ്ങിയിട്ടില്ല | 3-14 |
| ഭാഗം 4 | | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |

| | | |
|---|---|---|
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| അനുബന്ധം | | |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 |
| 41 | ബാലൻസ് ഷീറ്റ് | 2 |
| 42 | രസീപ്റ്റ്&പേയ്മെൻറ് സ്റ്റേറ്റ്മെന്റ് | 3 |
| 43 | ഇൻകം&എക്സ്പെൻറീച്ചർ സ്റ്റേറ്റ്മെന്റ് | 4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 26/03/2015 തിയതിയിലെ തീരുമാനം ഒന്ന് പ്രകാരം അംഗീകരിച്ചു.

| 2015-16 | ബജറ്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| വരവ് | 950817500 | 135841215 | 814976285 | 85.70% |
| ചെലവ് | 966092000 | 175451389 | 790640611 | 81.83% |

യഥാർത്ഥ്യബോധമില്ലാതെ ബജറ്റ് തയ്യാറാക്കുന്നത് മൂലമാണ് ബജറ്റ് പ്രകാരമുള്ള വരവുംചെലവും യഥാർത്ഥ വരവുംചെലവും തമ്മിൽ ഇത്തരത്തിൽ വലിയ അന്തരം ഉണ്ടാകാൻ കാരണം. ഭാവിയിൽ ഇത്തരം അപാകത നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31/07/2016 | 20/07/2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | റിമാർക്സ് |
|---|---|---|
| 2015-16 | 13/01/2017 | അക്കൗണ്ട്സ് പരിശോധിച്ചതിൽ അപാകതകൾ കാണുന്നില്ല. |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

# 1-4 സാമ്പത്തിക വിശകലനം

| 2015-16 | |
|---|---|
| മുന്നിരിപ്പ് | 91976982.00 |
| വരവ് | 135841215.00 |
| ആകെ | 227818197.00 |
| ചെലവ് | 175451389.00 |
| നീക്കിയിരിപ്പ് | 52366808.00 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്/ TC | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 8258675 | 14487702 | 22746377 | 22746377 | 00 | 100 |
| വികസന ഫണ്ട് (SCP) | 2077696 | 2829556 | 4907252 | 4907252 | 00 | 100 |
| വികസന ഫണ്ട് (TSP) | 00 | 00 | 00 | 00 | 00 | 100 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 273921 | 12768571 | 13042492 | 13042492 | 00 | 100 |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 1638084 | 4034449 | 5672533 | 5672533 | 00 | 100 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4707356 | 18451116 | 23158472 | 23158472 | 00 | 100 |
| പെർഫോമൻസ് ഗ്രാന്റ് | 3773997 | 1457324 | 5231321 | 5231321 | 00 | 100 |
| എ.യു.ഇ.ജി.എസ്. | 54045 | 4979 | 59024 | 34200 | 24824 | 99.38 |
| ബി.ഫണ്ട് | 00 | 9390220 | 9390220 | 9390220 | 00 | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം | പദ്ധതി | നടപ്പാക്കിയത് | പദ്ധതി | ഭാഗികമായി | നടപ്പാ | പൂർത്തീ |
|---|---|---|---|---|---|---|

| ലഭിച്ചത് (എണ്ണം) | അടങ്കൽ | (എണ്ണം) | ചെലവ് | നടപ്പാക്കിയത് (എണ്ണം) | ക്കാത്തവ (എണ്ണം) | കരിച്ച പ്രോജക്ടുകളുടെ ശതമാനം % |
|---|---|---|---|---|---|---|
| 174 | 56322628 | 147 | 41285786 | 1 | 26 | 84.5% |

(ഭാഗികമായി നടപ്പാക്കിയത്-പ്രോജക്ട് നം.164/15-16-പഴയപാലത്തിൽ ആർച്ച് നിർമ്മാണം )

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 95.98% കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം 2014-15 | തൻവർഷം 2015-16 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 43312319 | 44132171 | 819852 | 1.89% (+) |
| നികുതിയേതര വരവുകൾ | 21428968 | 19706609 | 1722359 | 8.04% (-) |
| മറ്റുവരവുകൾ | 2451968 | 5881340 | 3429372 | 139.86% (+) |
| ആകെ | 67193255 | 69720120 | 2526865 | 3.76% (+) |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 330720 | 210 |
| കർഷകതൊഴിലാളി പെൻഷൻ | 171000 | 223 |
| വിധവാപെൻഷൻ | 4438400 | 4282 |
| വാർദ്ധക്യകാലപെൻഷൻ | 2635200 | 4001 |
| വികലാംഗപെൻഷൻ | 966700 | 1006 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 360000 | 12 |
| 50-വയസിനുമേൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 85600 | 81 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2017- ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 320152/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

(1) കെട്ടിടങ്ങൾ വാടകയ്ക്ക് നല്കിയതിൽ വാടകക്കാരുമായി ക്രമപ്രകാരമുള്ള കരാറിൽ ഏർപ്പെടുകയോ വാർഷിക വാടക വർദ്ധനവ് വരുത്തുകയോ ചെയ്തിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

(2) പത്രപരസ്യയിനത്തിൽ നഗരസഭക്ക് ലഭിക്കേണ്ടിയിരുന്ന 15% കിഴിവ് നഗരസഭ നേടിയെടുത്തിട്ടില്ല. ഈയിനത്തിൽ തൻവർഷം 5724/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഭാവിയിൽ പത്രപരസ്യങ്ങൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള ഇളവ് ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്.

(3) നഗരസഭയുടെ ലാന്റ് ഫോണിന്റെ പ്രതിമാസ ബിൽ തുക അടവാക്കുമ്പോൾ കാലതാമസം കാരണം പിഴപലിശ അടക്കേണ്ടിവരുന്നതായി കാണുന്നു. യഥാസമയം പ്രതിമാസ ടെലഫോൺ ബിൽ ഒടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

(4) ബി-ഫണ്ട്-സാമൂഹ്യ ക്ഷേമ പെൻഷനുകൾക്കായുള്ള അപേക്ഷകളിൽ നഗരസഭ യഥാസമയം തീരുമാനം കൈകൊള്ളുകയോ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യാൻ വൈകുന്നതായി ഫയലിൽ നിന്നും വ്യക്തമാകുന്നു. ഈ അപാകതകൾ നിർബന്ധമായും ഒഴിവാക്കേണ്ടതാണ്.

(5) നഗരസഭ പരിധിയിൽ വരുന്ന സ്വന്തമായി കെട്ടിടമില്ലാത്ത 6 അംഗൻവാടികളുടെ വാടകകരാർ (സെക്രട്ടറി ഒന്നാം കക്ഷിയും സ്ഥലഉടമ സ്ഥൻ രണ്ടാം കക്ഷിയുമായി ) ക്രമപ്രകാരം ചമയ്ക്കേണ്ടതാണ്. വാടകകരാർ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ്.

6.ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്റ്റിൽ സ്റ്റോക്ക് രജിസ്റ്ററും ഫയലുകളും തമ്മിൽ പൊരുത്തക്കേടുകൾ കാണപ്പെട്ടു. ചെറുതെങ്കിലും ഇത്തരം പൊരുത്തക്കേടുകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനും രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 4-7-2016 മുതൽ 11-7-16 വരെ | 2013-14,14-15, 15-16 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 2-9-2015 മുതൽ 22-9-15 വരെ | 2009-10മുതൽ 2014-15 | 21-10-15 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ നികുതി ഈടാക്കിയില്ല

നഗരസഭ പരിധിയിൽ പ്രവർത്തിക്കുന്ന പല മൊബൈൽ ടവറുകളുടെയും കെട്ടിട നികുതി വർഷങ്ങളായി ഡിമാൻറ് ചെയ്യുകയോ ഈടാക്കുകയോ ചെയ്യതിട്ടില്ല.ചതുരശ്രമീറ്ററിന് 500/-രൂപ നിരക്കിലാണ് നികുതി ഈടാക്കേണ്ടത്. വിശദവിവരം ചുവടെ-

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | ഉടമയുടെ പേരും വിലാസവും | വിസ്തീർണം (ച.മീ.) | ഈടാക്കേണ്ട നികുതി/ഡിമാന്റ് ചെയ്യത്ത് @500 |
|---|---|---|---|---|
| 1 | 13/273C | ബിജ്ജു ടി നായർ ഇൻഡസ് ടവേഴ്സ് | 30.62 | 19783/- |
| 2 | 13/373B1 | ടാറ്റാ ടെലി സർവീസസ് | 9.63 | 5538/- (മേഖലാ അടിസ്ഥാനത്തിലുള്ള വർദ്ധന കൂടാതെ) |
| 3 | 13/373A | പി.ആർ.വിനോദ് എസ്കോട്ടൽ | 20.8 | 11960/- |
| 4 | 12/296C | ഇൻഡസ് ടവേഴ്സ് | 29.4 | 18600/- |
| 5 | 12/911D | റിലയൻസ് കമ്മ്യൂണിക്കേഷൻസ് | 61 | 35075/- (മേഖലാ അടിസ്ഥാനത്തിലുള്ള വർദ്ധന കൂടാതെ) |
| 6 | 14/275C | വയർലെസ് ടി.ടി. ഇൻഫോസർവീസസ് | 8.64 | 10858/- |
| 7 | 1/40A1 | ഭാരത് ഇൻഫ്രാടെൽ കുണ്ടന്നൂർ | 21 | 11276/- |
| 8 | 4/650D | ഇൻഡസ് ടവേഴ്സ് | 41.5 | 22500/- |
| 9 | 16/221F | ഇൻഡസ് ടവേഴ്സ് | 10.5 | 11625/- |
| 10 | 4/582V20 | ഡി.ഇ.ഒ. ബി.എസ്.എൻ.എൽ | 25 | 14531/- |
| 11 | 18/308A | ഇന്ത്യ ടെലികോം ഇൻഫ്രാലിമിറ്റഡ് | 20 | 13990/- |
| ആകെ | | | | 175736/- |

ഈയിനത്തിൽ നഷ്ടം വന്ന തുക മേൽ ബന്ധപ്പെട്ട മൊബൈൽ ടവറുകളുടെ സേവനദാതാക്കളിൽ നിന്നും പിഴയോടു കൂടി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി അപാകതകൾ

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ-

(എ)

| |
|---|
| ആദ്യ അർദ്ധവർഷം |
| കൃഷ്ണ റീജൻസി |

| ക്രമ നമ്പർ | തൊഴിലാളിയുടെ പേര് | അർദ്ധവർഷത്തെ വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക/രസീത് നം.43134/ 25. 8.15 | കുറവ് |
|---|---|---|---|---|---|
| 1 | വിനോദ് പി.വി. | 45000 | 450 | 300 | 150 |
| 2 | റോയി | 30000 | 300 | 180 | 120 |
| 3 | രാജു | 30000 | 300 | 180 | 120 |
| 4 | രവി | 30000 | 300 | 180 | 120 |
| 5 | മഹേഷ് | 30000 | 300 | 180 | 120 |
| 6 | ബാലകൃഷ്ണൻ | 30000 | 300 | 180 | 120 |
| 7 | രാധാകൃഷ്ണൻ | 30000 | 300 | 180 | 120 |
| 8 | തോമസ് | 30000 | 300 | 180 | 120 |
| പെരിയാർ ലാറ്റക്സ് ലിമിറ്റഡ് (രസീത് നം.43241/31.8.15) | | | | | |
| 1 | മിസ്യാമ്മ തോമസ് | 112110 | 1000 | 600 | 400 |
| | | | | ആകെ | 1390 |

(ബി)

| രണ്ടാം അർദ്ധവർഷം | | | | | |
|---|---|---|---|---|---|
| കൃഷ്ണ റീജൻസി (രസീത്.നം.2215/15.2.16) | | | | | |
| ക്രമ നമ്പർ | തൊഴിലാളിയുടെ പേര് | അർദ്ധവർഷത്തെ വരുമാനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
| 1 | കുട്ടപ്പൻ | 30000 | 300 | 180 | 120 |
| ശ്രീ നാരായണ കോളജ് ഓഫ് എഡ്യൂക്കേഷൻ മൂവാറ്റുപുഴ,രസീത് നം.3569/26/02/16 | | | | | |
| 2 | അനീഷ് പി. ചിറയ്ക്കൽ | 102060 | 1000 | 750 | 250 |
| ഫോക്കസ് ഓട്ടോമൊബൈൽസ്,രസീത്.നം.5837/10/3/16 | | | | | |
| 3 | ഷിഹാബ് പി.എസ്. | 45636 | 450 | 300 | 150 |
| ആകെ | | | | | 520 |

തൊഴിൽ നികുതിയിനത്തിൽ കുറവായി ഈടാക്കിയ 1910/-രൂപ ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി നഗരസഭയിൽ അടവാക്കേണ്ടതാണ്.

## 2-3 മുനിസിപ്പൽ പാർക്ക് -വരവ് ചെലവുകൾ നഗരസഭയുടെ കണക്കുകളിൽ ഉൾപ്പെടുത്തുന്നില്ല

സർക്കാർ അനുമതിയോ അംഗീകാരമോ ഇല്ലാതെ രൂപീകരിച്ച പതിനഞ്ചംഗ കമ്മിറ്റിയാണ് "ഡ്രീം ലാൻറ്" മുനിസിപ്പൽ പാർക്ക്,ചിൽഡ്രൻസ് പാർക്ക് എന്നിവയുടെ മേൽനോട്ടം വഹിക്കുന്നത്. പാർക്കിന്റെ നടത്തിപ്പ് സംബന്ധിച്ച അപാകതകൾ ചുവടെ-

(1) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 283-ാംവകുപ്പ് വ്യക്തമാക്കുന്നത് നഗരസഭയുടെ തനതു വരുമാനം നഗരസഭ ഫണ്ടിൽ വരവ് വെക്കേണ്ടതും വരുമാനം മുനിസിപ്പൽ ഫണ്ടിൽ അടവാക്കേണ്ടതുമാണെന്നാണ്. എന്നാൽ മേൽ പാർക്കിന്റെ വരുമാനം നഗരസഭ ഫണ്ടിൽ അടയ്ക്കാതെ മൂവാറ്റുപുഴ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ മുനിസിപ്പൽ ചെയർമാന്റെ പേരിലുള്ള

അക്കൗണ്ട് നം.10008-ൽ അടവാക്കി ജീവനക്കാരുടെ ശമ്പളത്തിനും മറ്റ് ആനുകൂല്യങ്ങൾക്കിമായി യഥേഷ്ടം ചെലവഴിക്കുകയുമാണ് ചെയ്ത് പോരുന്നത്. ഇത് മേൽപ്പറഞ്ഞ വകുപ്പിന്റെ ലംഘനമാണ്.

(2) 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 283-ാംവകുപ്പ് പ്രകാരം ഒരു മുനിസിപ്പാലിറ്റിക്ക് ലഭിക്കുന്ന എല്ലാ പണവും ചേർത്ത് രൂപീകരിക്കുന്ന ഫണ്ടാണ് മുനിസിപ്പൽ ഫണ്ട്. 2007-ലെ കേരള മുനിസിപാലിറ്റി (അക്കൗണ്ട്സ് )ചട്ടങ്ങളിലെ ചട്ടം 7(1)പ്രകാരം മുനിസിപ്പാലിറ്റിയുടെ പേരിൽ ലഭിക്കുന്ന ഏതൊരു പണവും മുനിസിപ്പൽ അക്കൗണ്ടിൽ വരവുവന്നതിനു ശേഷം മാത്രമേ അത് ചെലവു ചെയ്യുകയോ ബാങ്കിൽ അടയ്ക്കുകയോ ചെയ്യാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ചട്ടത്തിന് വിരുദ്ധമാ യിട്ടാണ് പണം കൈകാര്യം ചെയ്യപ്പെടുന്നത്.

(3) പ്രതിദിനം ശരാശരി ആയിരത്തോളം രൂപ പാർക്കിൽ നിന്നും പിരിഞ്ഞുകിട്ടുന്നുണ്ടെന്ന് രജിസ്റ്ററുകൾ വ്യക്തമാക്കുന്നു. അവധി ദിവസങ്ങളിൽ തുക വർദ്ധിച്ചും ലഭിക്കുന്നുണ്ട്. എന്നാൽ പാർക്കിൽ നിന്നും വരുമാനമൊന്നും നഗരസഭക്ക് വരാതിരിക്കുമ്പോൾ തന്നെ പാർക്കിന്റെ നവീകരണത്തിനായി പ്ലാൻ ഫണ്ടിൽ നിന്നും തുകകൾ പദ്ധതിക്കായി ചെലവഴിക്കുകയും ചെയ്യുന്നുണ്ട്.

4. മൂവാറ്റുപുഴ അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൽ മുനിസിപ്പൽ ചെയർമാന്റെ പേരിലുള്ള അക്കൗണ്ട് നം.10008-ലെ വരവ് നഗരസഭയുടെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തി ഓഡിറ്റിനു വിധേയമാക്കിയിട്ടില്ല.നഗരകാര്യവകുപ്പിന്റെ മുൻകൂർ അനുമതിയോ ഉത്തരവുകളോ ഇല്ലാതെ തന്നെ പാർക്കിലേയ്ക്കായി അഞ്ച് ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് പ്രതിദിനം 377/-രൂപ കൂലിയിനത്തിൽ നല്കിവരുന്നുണ്ട്. ആയതിൻറ ചെലവും ഈ വരവിൽ നിന്ന് നേരിട്ടാണ് നടത്തിയിരിക്കുന്നത്.

പാർക്കിൻറ നടത്തിപ്പ് സംബന്ധിച്ച് മേൽ അപാകതകൾക്ക് മറുപടിയും വിശദീകരണവും ലഭ്യമാക്കേണ്ടതും തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഓഡിറ്റ് എൻക്വയറി നം. 21 -ന് നല്കിയ മറുപടിയിൽ ഈ അപാകതകൾ നഗരസഭ അംഗീകരിച്ചിട്ടുണ്ട്.

## 2-4 വാടക കുടിശിക ഈടാക്കുന്നില്ല

വാടകയ്ക്ക് കൊടുത്തിരിക്കുന്ന മുറികളിൽ നിന്നും വാടക കുടിശികയായി അവശേഷിക്കുന്നു,വിശദവിവരം ചുവടെ-

| ക്രമ നമ്പർ | മുറി നമ്പർ | വാടകക്കാരൻ | ഈടാക്കേണ്ട വാടകയും സേവന നികുതിയും(14.5%) | 2015-16 കാലയളവിലെ കുടിശിക |
|---|---|---|---|---|
| ലൈബ്രറി കോംപ്ലക്സ് | | | | |
| 1 | 17 | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, സതേൺ റെയിൽവേ, എറണാകുളം | 13265+1923 | 182256 |
| പേ വാർഡ് | | | | |
| 2 | 50 | ദീപു എ.എസ് ആലുങ്കപ്പാടം ആയവന | 1798+261 | 24708 |
| പെട്ടി ബങ്ക് തറ | | | | |
| 5 | 80 | ബഷീർ ജമാലുദീൻ മങ്ങാട്ടുപുത്തൻപുര | 243+35 | 3336 |
| 6 | 81 | ആരിഫ ഷംസുദീൻ മടപ്പള്ളിൽ | 600+87 | 8244 |

| ലതാ പാലം കോംപ്ലക്സ് | | | | |
|---|---|---|---|---|
| 7 | 9 | കെ.എസ്. സുരേഷ് കാക്കുച്ചിറ പുത്തൻപുര | 2625+381 | 36072 |

പിരിച്ച് കിട്ടുവാനുള്ള തുക അടയ്ക്കുന്ന ദിവസം വരെയുള്ള പിഴ പലിശ സഹിതം ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വിനോദ നികുതി കൃത്യത പരിശോധിക്കുന്നില്ല

മുൻസിപ്പാലിറ്റിയുടെ കീഴിൽ 2015-16 വർഷത്തിൽ ആറ് തീയേറ്ററുകളാണ് പ്രവർത്തിച്ചിരുന്നത്. വിവിധ ക്ലാസുകളിലായി ഏകദേശം 611600 ടിക്കറ്റുകൾ ഈ കാലയളവിൽ മുൻസിപ്പാലിറ്റിയിൽ നിന്നും സീൽ ചെയ്തു നൽകിയിട്ടുണ്ട്. എന്നാൽ ടിക്കറ്റ് വിൽപനയുടെ കൃത്യത ഉറപ്പാക്കുവാനുള്ള നടപടികളൊന്നും നഗരസഭ സ്വീകരിക്കുന്നില്ല. സിനിമാ തീയേറ്ററുകളിലെ വിനോദ നികുതി വെട്ടിപ്പും ക്രമക്കേടുകളും തടയുന്നതിനായി സ്പെഷ്യൽ സ്ക്വാഡിനെ നിയോഗിച്ച് കൊണ്ട് ഓരോ മാസവും ഉദ്യോഗസ്ഥരെ ഡ്യൂട്ടിക്കിടുന്നുണ്ടെങ്കിലും പരിശോധനകൾ നടത്തിയതു സംബന്ധിച്ച് വിശദാംശങ്ങളൊന്നും രേഖപ്പെടുത്തുന്നില്ല. കൃത്യമായി ഉദ്യോഗസ്ഥർ ഡ്യൂട്ടി നിർവഹിക്കുന്നില്ല എന്നാണ് ഇതിൽ നിന്നും അനുമാനിക്കേണ്ടത്. നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ ജോലി നിർവഹിക്കുന്നതിൽ വീഴ്ച വരുത്തിയതിനെ തുടർന്ന് ചുമതലപ്പെട്ട ജീവനക്കാർക്കെല്ലാം തന്നെ മെമ്മോ നൽകേണ്ട സാഹചര്യവും ഉണ്ടായിട്ടുണ്ടെന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. ദീർഘകാലം തീയേറ്ററുകളിൽ വിജയകരമായി പ്രദർശിക്കപ്പെട്ട ചിത്രങ്ങൾക്കു പോലും റിലീസിംഗ് ദിനത്തിന് ഒരാഴ്ചക്ക് ശേഷം കാണികൾ വളരെ കുറവുള്ളതായാണ് ഡി.സി.ആർ പ്രകാരം മനസിലാവുന്നത്. ടിക്കറ്റ് വിതരണത്തിലെ കൃത്യത പരിശോധിക്കുവാനുള്ള സംവിധാനം കാര്യക്ഷമമാക്കോണ്ടതാണ്.

ഓൺലൈൻ സംവിധാനത്തിലൂടെയും മൊബൈൽ ആപ്ലിക്കേഷനിലൂടെയും ബുക്കിംഗ് വ്യാപകമായ സാഹചര്യത്തിൽ കാണികളുടെ എണ്ണവും വിനോദനികുതിയുടെ കൃത്യതയും പരിശോധിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണ്ടതാണ്. ഓൺലൈൻ ലിങ്ക് വഴി കാണികളുടെ എണ്ണം കൃത്യമായി പരിശോധിക്കുന്നതിനു വേണ്ട സംവിധാനങ്ങൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 നഗരസഭ സെക്രട്ടറിക്ക് വീട്ട് വാടക അനുവദിച്ചത്

നഗരസഭ സെക്രട്ടറി താമസിക്കുന്നതിനുള്ള അപ്പാർട്ട്മെൻറിന് 2015 ഏപ്രിൽ മാസം മുതൽ 2015ആഗസ്റ്റ് മാസം വരെ പ്രതിമാസ വാടകയിനത്തിൽ 5000/- രൂപ വീതം നല്കിയിട്ടുണ്ട്. വീട്ടു വാടക ഇനത്തിൽ തുക അനുവദിച്ചതിൻറ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ചെക്ക് നമ്പർ /തീയതി | തുക |
|---|---|---|
| 1 | 103980/5-5-15 | 5000 |
| 2 | 104203/10-6-15 | 5000 |
| 3 | 104304/8-7-15 | 5000 |
| 4 | 104607/18-8-15 | 5000 |
| 5 | 104627/4-9-15 | 5000 |
| - | ആകെ | 25,000 |

വീട്ട് വാടക അനുവദിക്കുന്നതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ഹജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി 1 നല്കിയിരുന്നെങ്കിലും ഹാജരാക്കിയില്ല. നഗരസഭാ കൗൺസിലിന്റെ 10/12/2014-ലെ 30-ാം നമ്പർ തീരുമാനപ്രകാരമാണ് വാടക

അനുവദിക്കുന്നത്. സർക്കാർ അംഗീകാരത്തിൻറ അഭാവത്തിൽ വാടക നൽകിയ 25000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 എസ്റ്റിമേറ്റിനും രൂപകൽപനയ്ക്കും അനുവദനീയമായതിൽ കൂടുതൽ ഫീസ് നൽകി

ജി.ഒ.(ആർ.ടി.)2049/14 തസ്വഭവ,07/08/14 പ്രകാരം നഗരസഭകളിലെ പ്രവൃത്തികൾക്ക് സ്വകാര്യ ആർക്കിടെക്ടുമാരുടെ സേവനം ഉപയോഗപ്പെടുത്തി രൂപകൽപനയും വിശദമായ എസ്റ്റിമേറ്റും തയ്യാറാക്കുമ്പോൾ കൊടുക്കേണ്ട കൺസൾട്ടൻസി ഫീസ് അടങ്കൽ തുകയുടെ 2.3% ആണ്. എന്നാൽ മൂവാറ്റുപുഴ നഗരസഭ 2015-16 വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതിയിൽ ഈ ഇനത്തിൽ അധിക ഫീസ് അനുവദിച്ചതായി കാണുന്നു.(ചെക്ക് നം.105653/01/01/2016)

| പ്രൊജക്ട് നമ്പർ പേര് | അടങ്കൽ തുക | ആർക്കിടെക്ടിന് അനുവദിച്ച ഫീസ് | അനുവദിക്കേണ്ടത് 2.3% | അധികം അനുവദിച്ചത് | തൻ വർഷം അനുവദിച്ചത് | ബാക്കി തുക |
|---|---|---|---|---|---|---|
| നമ്പർ 155/ 15-16 നഗരസഭ സ്റ്റേഡിയം പവലിയൻ നിർമാണം | 18,500,000 | 436875 | 425500 | 11375/- | 250,000 | 175500 |

അടങ്കൽ തുകയുടെ 2.3% ശതമാനമായ 425000/-രൂപയാണ് ആർകിടെക്ട് ഫീസായി നല്കേണ്ടത്. തൻവർഷം പാർട്ട് പേയ്മെൻറായി നൽകിയത് 25,000/-രൂപയാണ്. ബാക്കിയായ രൂ.175000/-ആണ് ഫൈനൽ പേയ്മെൻറായി നൽകേണ്ടത്. എന്നാൽ നഗരസഭയുടെ കണക്കിൽ 186875/- രൂപയാണ് ബാക്കി നൽകുവാനുള്ളത്. കണക്കിലുള്ള വ്യത്യാസം തിരുത്തേണ്ടതാണ്.

## 3-3 തൊഴിൽ രഹിത വേതനം പ്രായപരിധി കഴിഞ്ഞും നൽകി

നഗരസഭയിൽ നിന്നും അർഹതയുള്ള പ്രായപരിധിയായ 35- വയസ്സിനു ശേഷവും തൊഴിലില്ലായ്മ വേതനം വിതരണം ചെയ്തിട്ടുണ്ട്.വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര്, വിലാസം | ജനന തീയതി | അർഹതയുള്ള അവസാന തീയതി | കാലാവധിയ്ക്കു ശേഷം തുക വിതരണം ചെയ്ത മാസങ്ങൾ | ബിൽ നമ്പർ | നഷ്ടം |
|---|---|---|---|---|---|---|
| 1 | സുബൈദ റ്റി.എച്ച്. തെറ്റില മാരിയിൽ അക്ബർ റോഡ് മാർക്കറ്റ് പി.ഒ. | 13-5-1979 | 5/2014 | 6/2014-4/ 2015,11 മാസംx120 | G6-6470/ 1996/ unemp loyment wages/ 20-8-15 | 1320/- |
| 2 | സീന പി.കെ. | 25-5-1975 | 5/2010 | 12/2011- 4/2012, | - | 600/- |

| | | | | | | |
|---|---|---|---|---|---|---|
| | ചക്കാലയ്ക്കൽ മാർക്കറ്റ് പി.ഒ. | | | 5x120 | | |
| - | - | - | - | - | ആകെ നഷ്ടം | 1920/- |

അർഹതാ പരിധി കഴിഞ്ഞും വേതന വിതരണം നടത്തിയതിന വിശദീകരണം നല്കേണ്ടതും അധികമായി നല്കിയ തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നും ഈടാക്കി പഞ്ചായത്തിൽ അടവാക്കേണ്ടതാണ്.

## 3-4 ടൗൺഹാൾ നവീകരണം,പെയിന്റിംഗ്-അപാകത

| | |
|---|---|
| പ്രോജക്ട് | ടൗൺഹാൾ നവീകരണം,പെയിന്റിംഗ് |
| പ്രോജക്ട് നം. | S0177/15-16 |
| അടങ്കൽ | 300000/- |
| ചെലവ് | 299986/- |
| ബിൽ.നം. | 13/14-15-16 തീയതി 25/09/2015 |
| അളവ് പുസ്തകം | 105/14-15 |
| കൺവീനർ | പി.കെ.രവി |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |

മേൽ പ്രവൃത്തിയിൽ ഇനം-4 ആയി ചെയ്തത് -(wall painting with acrylic emulsion paint of approved brand and manufacture to give on even shade-code-DSR 13.51.1) ഈ പ്രവൃത്തിയിൽ താഴെ ചേർക്കുന്ന പ്രകാരം നിരക്ക് അനുവദിച്ചിട്ടുണ്ട്.
ചെയ്ത അളവ് /നിരക്ക് =1652.43m2@151.91=251021.00
അനുവദനീയ അളവ്/നിരക്ക് =1652.43@99.38=164218.49
അധികമായി നല്കിയ തുക=251021-164218.49=86803.00-രൂപ. ഈ പ്രവൃത്തിക്ക് അധികമായി തുക അനുവദിച്ചതിന് വിശദീ കരണം ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം.18-ന് നല്കിയ മറുപടിയിൽ DSR കോഡ് മാറിപ്പോയതിനാലാണ് അധിക തുക അനുവദിച്ചതെന്ന് സമ്മതിച്ചിട്ടുണ്ട്. മാത്രമല്ല, പഴയ പ്രതലത്തിൽ നടത്തുന്ന പെയിന്റിംഗ് പ്രവൃത്തിയെന്ന നിലയിൽ 15.51.2കോഡ് പ്രകാരമുള്ള ഇനത്തിന പകരം 13.51.1 പ്രകാരമുള്ള പുതിയ പ്രതലത്തിലുള്ള പെയിന്റിംഗ് പ്രവൃത്തിയാണ് നടത്തിയത് എന്ന മറുപടി അംഗീകരിക്കാൻ കഴിയില്ല. ആയതിനാൽ അധികമായി അനുവദിച്ച തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭയിൽ അടവാക്കേണ്ടതുമാണ്.

## 3-5 പഴയ പാലത്തിൽ ആർച്ച് നിർമ്മാണം

| | |
|---|---|
| പ്രോജക്ട് | പഴയ പാലത്തിൽ ആർച്ച് നിർമ്മാണം |
| പ്രോജക്ട് നം. | S0152/16 |
| അടങ്കൽ | 500000/- |
| ചെലവ് | 215606/- |
| ബിൽ.നം. | 101/15-16,28.3.16 |
| അളവ് പുസ്തകം | 96/15-16 |
| കരാറുകാരൻ | പി.ബി.സൈനുദിൻ |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |

മൂവാറ്റുപുഴ പഴയ പാലത്തിന് ഇരു വശങ്ങളിലുമായി രണ്ട് ആർച്ച് നിർമ്മിച്ച് furnishing works

ചെയ്യുന്നതിനാണ് ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളത്. പ്രവൃത്തിയിലെ പ്രധാന ഇനമായ ആർച്ച് നിർമ്മാണത്തിൽ ഒരു ആർച്ച് മാത്രം പൂർത്തീകരിക്കുകയും ആയതിന്റെ ഭാഗിക ബിൽ നൽകിയിട്ടുള്ളതുമാണ്.

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (GOP13/2012/PWD/01.02.2012 പാർട്ട്- 2 പ്രവർത്തന സമ്പ്രദായങ്ങളിൽ (സെക്ഷൻ 2116.2:3) കരാറുകാരൻ കുറച്ച് പണിചെയ്തശേഷം മതിയായ കാരണം ഇല്ലാതെ ഒഴിവാക്കി പോവുകയാണെങ്കിൽ കരാർ ഉടമ്പടി ലംഘിച്ച കരാറുകാരനിൽ നിന്നും അവശേഷിക്കുന്ന പണിയുടെ 30% തുക തിരിച്ച് പിടിക്കണമെന്ന് വ്യവസ്ഥ (risk&cost amount) ചെയ്യുന്നു. ഈ വ്യവസ്ഥ പ്രകാരം കരാറുകാരനെതിരെ നടപടികൾ സ്വീകരിക്കാത്തതിന് നൽകിയ 24-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച വിശദീകരണത്തിൽ കരാറുകാരന് ആർച്ച് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദേശം നൽകിയിട്ടുള്ളതായി നഗരസഭ അറിയിച്ചിട്ടുണ്ട്. ആയതിനാൽ പ്രോജക്ടിൽ വിഭാവനം ചെയ്ത തരത്തിൽ ഈ പ്രവൃത്തിയുടെ പ്രയോജനം നഗരസഭയ്ക്ക് എളുപ്പം ലഭ്യമാവുന്ന വിധത്തിൽ ബാക്കിയുള്ള പ്രവൃത്തികൾ കൂടി പൂർത്തീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-6 സിമന്റ് കോൺക്രീറ്റിംങ്ങ് (1:2:4)Using 20mm)വർക്കിന് അധിക നിരക്ക് നൽകിയത്.

2015-2016ൽ നടപ്പാക്കിയ വിവിധ പ്രോജക്ടുകളിൽ റോഡ്,ചപ്പാത്ത് നിർമ്മാണത്തിലെ സിമന്റ് കോൺക്രീറ്റിംങ്ങ് പ്രവർത്തികൾക്ക് (c c 1:2:4 using 20mm)CPWDഅദ്ധ്യായം 11ലെ ഐറ്റം നമ്പർ 11.7പ്രകാരമുള്ള ഫ്ളോറിഗിംങ്ങ് കോൺക്രീറ്റിംഗിങ്ങിന്റെ നിരക്കാണ് നൽകിയിരിക്കുന്നത്. എന്നാൽ ഈ പ്രവർത്തികൾക്ക് CPWD അദ്ധ്യായം 4-ലെ ഐറ്റം നമ്പർ 4.1.3പ്രകാരമുള്ള നിരക്കാണ് നൽകാവുന്നത്. അദ്ധ്യായം 11-ലെ നിരക്കുകളിൽ ഫിനിഷിങ്ങിനുള്ള അഡീഷണൽ ലേബർ ഉൾപ്പെടുന്നുണ്ട്. റോഡ്,ചപ്പാത്ത് വെയറിംങ്ങ് കോട്ടിന് ഫ്ളോറിഗിംങ്ങിനുള്ള ഫിനിഷിങ്ങ് ആവശ്യമില്ല. CPWDഅദ്ധ്യായം 4-ലെ ഐറ്റം നമ്പർ 4.1.3 പ്രകാരമുള്ള CC 1:2;4 20mm ന്റെ നിരക്കാണ് അനുവദിക്കാവുന്നത്. ഇതിനു പകരം CPWD അദ്ധ്യായം 11ലെ ഐറ്റം നമ്പർ 11.7പ്രകാരമുള്ള നിരക്ക് അനുവദിച്ചതിലൂടെ താഴെചേർക്കുന്ന പ്രകാരമുള്ള അധിക ചെലവ് വന്നിട്ടുണ്ട്.വിശദാംശങ്ങൾ താഴെചേർക്കുന്നു.

| പ്രോജക്ട് | പ്രോജക്ടിന്റെ നമ്പർ | അടങ്കൽ | ചെലവ്, ബിൽ/ തീയതി | കരാറുകാരന്റെ പേര്. | അളവ് പുസ്തകം | അളവ് | രൂ.7600 /m3 നിരക്കിൽ അനുവദിക്കാവുന്നത് | രൂ.8008 /m3 നിരക്കിൽ അനുവദിച്ചത് | അധികം |
|---|---|---|---|---|---|---|---|---|---|
| എസ്റ്റിമേറ്റ് ഫോർ വേരിയസ് സിമന്റ് കോൺക്രീറ്റ് റോഡ് മെയിന്റനൻസ്- വാർഡ്-4 | S/109/16 | 400000/- വികസന ഫണ്ട് | 399318/ 98/15-16 28.3.16 | എം.എ അജിമോൻ | 94/15-16 | 37.22 m3 | 282905 | 298063 | 15159 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ചങ്ങനുഴ റോഡ് ഐറിഷ് ഡ്രയിൻ | 105/16 | 200000/ (ധന കാര്യ കമ്മീ ഷൻ ഗ്രാന്റ്) | 165320/ 64/15-16 22.3.16 | കെ.കെ ഇസ്മ യിൽ | 65/15-16 | 10.03 | 72740 | 80321 | 7581/- |
| വളക്കുഴി ഐറിഷ് റോഡ് നിർമ്മാണം | 92/16 | 150000/- വികസന ഫണ്ട്. | 149728 87/15-16 28.3.16 | കെ.വി വർക്കി .Below 25%E/R | 118/15-16 | 9.58 m3 | 72816 | 76718 | 3901/ |
| തോട്ടത്തി ൽകടവ് പേട്ട ആര ക്കുഴലിങ്ക് റോഡ് കോൺക്രീ റ്റിംഗ് | 86/16. | 166000/- (ധന കാര്യ കമ്മീ ഷൻ ഗ്രാന്റ്) | 165538/- 119/15-16 28.3.16 | പി.കെ ലാൽ 17% Below | 16/15-16 | 13.58 m3 | 103212 | 108742 | 5530/- |
| കുടിയിൽ ബ്രാഞ്ച് റോഡ്. | 56/15-16 | 164020/- വികസന ഫണ്ട് | 163831/ 19/15-16 31.10.15. | വി.കെ റഹിം | 3/15-16 | 12.32 | 93642 | 98660 | 5018/- |
| ആകെ | | | | | | | | | 37189 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 26,27,28,29,30 നുള്ള മറുപടിയിൽ 1:2:4 (using 20mm)കോൺക്രീറ്റിംങ്ങിന് ഫിനിഷിങ്ങ് ആവശ്യമായതിനാലാണ് CPWD 11.7പ്രകാരമുള്ള നിരക്ക് നൽകിയതെന്നാണ് മുനിസിപ്പൽ എഞ്ചിനീയർ വ്യക്തമാക്കിയത്.എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല.അധികം നൽകിയ 37189/-രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ ഉദ്ധ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-7 <u>എൻ.എൻ.എസ് പൗർണ്ണമി റോഡ് ഡ്രെനേജ് പാരപ്പെറ്റ് നിർമ്മാണം</u>

| | |
|---|---|
| പ്രോജക്ട് | എൻ.എസ്.എസ് പൗർണ്ണമി റോഡ് ഡ്രെയിനേജ് പാരപ്പെറ്റ് നിർമ്മാണം |
| പ്രോജക്ട് നം. | S0140/16 |
| അടങ്കൽ | 200000/- |
| ചെലവ് | 198572/- |
| ബിൽ.നം. | 61/15-16,22.3.16 |
| അളവ് പുസ്തകം | 23/15-16 |
| കരാറുകാരൻ | അജിമോൻ എം. എ. ,മുണ്ടാട്ട് |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |

മേൽ പ്രവൃത്തിയിൽ ഇനം-6 ആയി ചെയ്തത് plastering with cement mortar 1:4,12mm thick one coat(DSR-13.1.1) ഈയിനം പ്രവൃത്തി 114.28 m2 അളവ് ചെയ്തിന് രൂപ 282.62/m2 നിരക്കിൽ 32298 രൂപ നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭയുടെ ഒബ്സർവേഡ് ഡാറ്റാ (SB.01)പ്രകാരം ഈയിനം പ്രവൃത്തിക്ക് അനുവദനീയമായ നിരക്ക് 236.50M2 ആണ്. ആയത് പ്രകാരം 114.28M2 അളവ് പ്രവൃത്തിക്ക് അനുവദനീയമായ തുക 27027.22 രൂപയാണ്. (OD SB 01)

ഈയിനത്തിൽ അധികമായി 5271 രൂപ (32298-27027) അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതും അധികമായി അനുവദിച്ച തുക ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി നഗരസഭയിൽ അടവാക്കേണ്ടതുമാണ്.

## 3-8 സാന്ത്വനം- പാലിയേറ്റീവ് പരിചരണപരിപാടി

| | |
|---|---|
| പ്രോജക്ട് | സാന്ത്വനം പാലിയറ്റീവ് പരിചരണപരിപാടി |
| പ്രോജക്ട് നം. | S0007/16 |
| അടങ്കൽ | 4,00,000/-രൂപ |
| ചെലവ് | 3,99,967/-രൂപ |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ,ഗവൺമെന്റ് ഹോസ്പിറ്റൽ. |

മേൽ പദ്ധതിക്കായി പാലിയറ്റീവ് വാഹനം കരാർ അടിസ്ഥാനത്തിൽ ഓടിക്കുന്നതിന് തയ്യാറുള്ളവരിൽ നിന്ന് ക്വട്ടേഷൻ സ്വീകരിച്ച് ടെസ്റ്റും ഇന്റർവ്യൂവും നടത്തി ശ്രീ. ബിനു മാത്യു, വേലിക്കുന്നേൽ വീട്, അട്ടൂപ്പറമ്പ്, മൂവാറ്റുപുഴ എന്നയാളെ നിയമിച്ചു. തൻവർഷത്തേക്കും കരാർ പുതുക്കിയിട്ടുണ്ട്. കരാർ പ്രകാരം ഒരു മാസം പരമാവധി നൽകാവുന്ന ശമ്പളം 8,000/-രൂപയാണ്. കൂടാതെ കരാർ വ്യവസ്ഥയിൽ ആഴ്ചയിൽ ആറ് ദിവസമെങ്കിലും ജോലിക്ക് ഹാജരാകേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ വാഹനം ഓടിയ ദിവസങ്ങൾക്ക് മാത്രമായി പ്രതിദിനം 1,200/-രൂപ നിരക്കിൽ തുക കൈമാറിയിട്ടുണ്ട്. (2014 ഒക്ടോബർ മാസം മുതൽ 2015 ഡിസംബർ മാസം വരെയുള്ള ശമ്പളം.)നൽകിയ ശമ്പളത്തിന്റെ വിശദാംശം ചുവടെ-

| മാസം | വാഹനം ഓടിയ ദിവസങ്ങൾ | നൽകിയ ശമ്പളം | നൽകാവുന്നത് (8000x5/24) | അധികം നൽകിയ തുക |
|---|---|---|---|---|
| 10/2014 | 05 | 6000/- | 1667/- | 4333/- |
| 11/2014 | 09 | 10,800/- | 3000/- | 7800/- |
| 12/2014 | 10 | 12,000/- | 3333/- | 8667/- |
| 01/2015 | 11 | 13,200/- | 3667/- | 9533/- |
| 02/2015 | 08 | 9600/- | 2667/- | 6933/- |
| 03/2015 | 09 | 10,800/- | 3000/- | 7800/- |
| 04/2015 | 09 | 10,800/- | 3000/- | 7800/- |
| 05/2015 | 10 | 12,000/- | 3333/- | 8667/- |

| | | | | |
|---|---|---|---|---|
| 06/2015 | 10 | 12,000/- | 3333/- | 8667/- |
| 07/2015 | 11 | 13,200/- | 3667/- | 9533/- |
| 08/2015 | 10 | 12,000/- | 3333/- | 8667/- |
| 09/2015 | 11 | 13,200/- | 3667/- | 9533/- |
| 10/2015 | 11 | 13,200/- | 3667/- | 9533/- |
| 11/2015 | 11 | 13,200/- | 3667/- | 9533/- |
| 12/2015 | 10 | 12,000/- | 3333/- | 8667/- |
| ആകെ | 145 | 1,74,000/- | 48,334/- | 1,25,666/- |

ക്രമപ്രകാരമല്ലാതെ ഡ്രൈവർക്ക് ഇപ്രകാരം അധികതുക ശമ്പളമായി നൽകിയിട്ടുണ്ട്. ഭാവിയിൽ ശമ്പളം നിയമാനുസൃതമായി കൊടുക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

വർക്ക് അഡ്വാൻസുകൾ, താൽക്കാലിക അഡ്വാൻസുകൾ എന്നിവ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ മുഴുവൻ അഡ്വാൻസ് തുകയും പിൻവലിച്ച തീയതി മുതൽ അടയ്ക്കുന്ന തീയതി വരെ 18% പലിശ സഹിതം അടിയന്തിരമായി തിരിച്ച പിടിയ്ക്കുകയും വേണം. താഴെ പറയുന്ന വ്യക്തികൾ അഡ്വാൻസ് കൈപ്പറ്റി യെങ്കിലും യഥാസമയം അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിക്കുകയോ തുക തിരിച്ച പിടിയ്ക്കുകയോ ചെയ്തിട്ടില്ല. വിശദവിവരം ചുവടെ-

| ക്രമ നമ്പർ | പേര് | ഉദ്ദേശം | തീയതി | തുക | ചെക്ക് നമ്പർ |
|---|---|---|---|---|---|
| 1 | കെ.പി.ഷമീന | പാച്ച് വർക്ക് (വാർഡ് 8,9,10, 11,12, 13,14 ) | 17-9-15 | 170,000/- | 104908 |
| 2 | പി.സി.സജീവൻ | കലുങ്ക് മെയിൻറ നൻസ്(വാർഡ്2) | 17-9-15 | 50,000/- | 104908 |
| 3 | പി.സി.സജീവൻ | വാഹനത്തിന്റെ സർവീസിങ്ങ്- ഡസ്റ്റർ കാർ | 7-12-15 | 12,000/- | 105352 |
| 4 | പി.സി.സജീവൻ | വാഹനത്തിൻെറ സർവീസിങ്ങ്- ഡസ്റ്റർ കാർ | 8-12-15 | 10,000/- | 105358 |
| 5 | പി.സി.സജീവൻ | കാർ മെയിൻറനൻസ് | 20-2-16 | 2500/- | 105964 |
| 6 | ജോൺ പോൾ | പബ്ലിക് വർക്ക് | 11-8-15 | 5,000/- | 645690 |
| 7 | ജോൺ പോൾ | പബ്ലിക് വർക്ക് | 18-8-15 | 30,000/- | 104606 |
| 8 | ജോൺ പോൾ | നെറ്റ് വർക്ക് സ്വിച്ച് വാങ്ങൽ | 15-12-15 | 12,000/- | 105193 |

| | | | | | |
|---|---|---|---|---|---|
| 9 | പി.യു. ശിവപ്രസാദ് | കലുങ്ക് നിർമ്മാണം | 22-12-15 | 155,000/- | 105381 |
| 10 | പി.യു. ശിവപ്രസാദ് | ഡമ്പിങ്ങ് യാർഡ് വർക്ക് | 7-1-16 | 98,000/- | 105556 |
| | | | ആകെ | 544500/- | - |

അഡ്വാൻസ് തുകകൾ അഡ്ജസ്റ്റ്മെൻറ് ബിൽ സമർപ്പിക്കുകയോ തുക തിരിച്ചു പിടിയ്ക്കുകയോ ചെയ്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അപാകത തുടരുന്നതിനാൽ ഈയിനത്തിലെ 544500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 പുതുക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമാക്കാതെ പ്രവൃത്തി ചെയ്തു

| പ്രോജക്ട് | ശിവൻകുന്ന് സ്കൂളിൽ ചുറ്റമതിൽ |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 163/16 |
| അടങ്കൽ | 165255/-(MG N.R) |
| ചെലവ്,ബിൽ നം | 132711/ബിൽ നമ്പർ 44/15-16dtd 2.2.16എൻ.ഇ സിറാജ്. |
| കരാറുകാരൻ | എൻ.ഇ സിറാജ്. |
| അളവ് പുസ്തകം | 103/14-15 |
| നിർവ്വഹണം | മുനിസിപ്പൽ എഞ്ചിനീയർ |

നഗരസഭയുടെ 2015-2016 വർഷത്തെ സ്പിൽ ഓവർ പ്രോജക്ട് നമ്പർ 16/15-16 ആയി ഉൾപ്പെടുത്തി യിട്ടുള്ള ശിവൻകുന്ന് സ്കൂളിൽ സംര ക്ഷണഭിത്തി നിർമ്മാണം എന്ന പ്രവൃത്തിക്ക് 470000/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി 304745/രൂപയുടെ പാർട്ട് ബിൽ പ്രകാരം തുക നൽകിയിട്ടുള്ളതാണ്. 470000/രൂപയുടെ ഒറിജിനൽ എസ്റ്റിമേറ്റിൽ Earth Filling ഉൾപ്പെടുത്തിയിരുന്നില്ല. ആയത് ചെയ്യുന്നതിന് Extra Item ആയി ഉൾപ്പെടുത്തി 508000/രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ആയതിന് അംഗീകാരം ലഭ്യമാക്കിയതായി കാണുന്നില്ല. അംഗീകാരം ലഭ്യമാക്കാതെ മേൽ ഇനത്തിന് 96.54m3x2880.94=27812.59/-രൂപ നൽകിയതായി കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി 15ന് നൽകിയ മറുപടിയിൽ അംഗീകാരം ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ അംഗീകാരം ലഭ്യമാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു.

## 3-11 പഠനമികവുള്ള കുട്ടികൾക്ക് ധനസഹായം(എസ്.സി)

| പ്രോജക്ട് | പഠനമികവുള്ള കുട്ടികൾക്ക് ധനസഹായം(എസ്.സി) |
|---|---|
| പ്രോജക്ട് നം. | S082/15-16 |
| അടങ്കൽ | 200000/- |
| ചെലവ് | 50000/- |
| ബിൽ.നം. | 74/15-16-29.3.16(25000/-) |
| നിർവ്വഹണം | സെക്രട്ടറി |

ജി.ഒ.(എം.എസ്)362/2013,ത.സ്വ.ഭ.വ.16.11.2013-പ്രകാരം മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിന് കേരളത്തിനുള്ളിൽ ആണെങ്കിൽ 25000/-രൂപ അനുവദനീയമാണ്. എന്നാൽ ടി പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ശ്രീ.വരുൺകുമാർ, s/o

വിജയലക്ഷ്മി, കൃഷ്ണവിലാസം, മാർക്കറ്റ് പി.ഒ., മൂവാറ്റുപുഴ എന്ന ഗുണഭോക്താവ് കാലടി ശ്രീശങ്കര സംസ്കൃത യൂണിവേഴ്സിറ്റിൽ Mphil കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥിയാണെന്ന് അപേക്ഷയോടൊപ്പം സമർപ്പിച്ച രേഖകൾ വ്യക്തമാക്കുന്നു. പ്രൊഫഷണൽ കോഴ്സ് ചെയ്യുന്ന വിദ്യാർത്ഥിക്ക് മേൽ ആനുകൂല്യം അനുവദനീയമല്ല. ആയതിനാൽ ക്രമപ്രകാരമല്ലാതെ ചെലവഴിച്ച 25000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല

കാർഷിക മേഖല വളർത്തിക്കൊണ്ടുവരുന്നതിനായി ചെറുകിട നാമമാത്രകർഷകർക്ക് സർക്കാർ പ്രത്യേകമാനദണ്ഡപ്രകാരം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ടി- ആനുകൂല്യം വ്യക്തികൾക്കോ കുടുംബങ്ങൾക്കോ ആണ് നല്കേണ്ടത് എന്ന് മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലൊറെറ്റോ ആശ്രമത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്തിൽ ഫാദർ ഡൊമിനിക്കിനെ ഗുണഭോക്താവായി തെരഞ്ഞെടുത്ത് (സർവേ നം.933/2;933/9-2) താഴെ ചേർക്കുന്ന പദ്ധതികൾക്കായി ആനുകൂല്യം കൈമാറി യിട്ടുണ്ട്. കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിശദാംശം ചുവടെ-

(എ)

| | |
|---|---|
| പ്രോജക്ട് | സമഗ്ര തെങ്ങുകൃഷി വികസനം |
| പ്രോജക്ട് നം | S0018/16 |
| അടങ്കൽ- | 2,84,500/-<br>1,31,000/- |
| ചെലവ് | 122300/-ബിൽ നം. 2/15-16<br>70570/- " 6/15-16 |

തെങ്ങൊന്നിന് 81/- രൂപയുടെ വളവും, 9/- രൂപയുടെ കുമ്മായവും എന്ന തോതിൽ 45 തെങ്ങുകൾക്കായി നല്കിയത് 4050/- രൂപ.

(ബി)

| | |
|---|---|
| പ്രോജക്ട് | സമഗ്ര നെൽകൃഷി വികസനം |
| പ്രോജക്ട് നം. | S0003/16 |
| അടങ്കൽ- | 76,000/- |
| ഗുണ. വിഹിതം- | 35,000/- |
| ചെലവ് | 75,600/- |
| ബിൽ നം. | 1/15-16 |

പദ്ധതിക്ക് താഴെ പറയും വിധം തുക കൈമാറിയിട്ടുണ്ട്-

| ഇനം | ചെലവ് | അനുവദിച്ച സബ്സിഡി |
|---|---|---|
| ഉഴവുകൂലി | 4700/- | 2115/- |
| ജൈവവളം | 4700/- | 3525/- |
| ആകെ | - | 5640/- |

സി.

| | |
|---|---|
| പ്രോജക്ട് | ഏത്തവാഴകൃഷി വികസനം |
| പ്രോജക്ട് നം | S0032/16 |
| വാഴക്കണ്ണ്<br>ജൈവവളം<br>അടങ്കൽ | 30,000/- ഗുണ. വിഹിതം 10,000/-ആകെ 40,000/-<br>37,500/- ഗുണ. വിഹിതം 12,500/-ആകെ 50,000/-<br>90,000/- |
| ചെലവ് | 41,850/- |

| | |
|---|---|
| ബിൽ നം. | 4/15-16 |

പദ്ധതിയിൽ വാഴക്കണ്ണ് ഒന്നിന് വിലയിൽ 12/- രൂപയും ജൈവവളം 15/- സബ്സിഡി നിരക്കിൽ 50 വാഴക്ക് നല്കിയത് 1350/-രൂപ .

ഡി.

| | |
|---|---|
| പ്രോജക്ട് | ജാതികൃഷി വികസനം |
| പ്രോജക്ട് നം | S0028/16 |
| അടങ്കൽ | 1,60,000/-(വികസനഫണ്ട്-1,20,000/- ഗുണ.വിഹിതം- 40,000/-) |
| ചെലവ് | 67,950/- |
| ബിൽ നം. | 3/15-16 |

പദ്ധതിയിൽ ജാതി ഒന്നിന് 75/- രൂപയുടെ വളം സബ്സിഡി നിരക്കിൽ 2,475/-രൂപ കൈമാറിയിട്ടുണ്ട്. ഭാവിയിൽ സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്തന്നെ തുക ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 പെൻഷൻ കോൺട്രിബ്യൂഷൻ

നഗരസഭയിലെ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന പെൻഷൻ കോൺട്രിബ്യൂഷൻ നഗരകാര്യ ഡയറക്ടർക്ക് അയക്കുകയോ അവിടെ നിന്നും നഗരസഭയ്ക്ക് ലഭിക്കാനുള്ള പെൻഷൻ അലോട്ട്മെന്റ് യഥാസമയം ലഭിക്കുകയോ ചെയ്തിട്ടില്ല. 2015-16 ലെ പ്രതീക്ഷിക്കുന്ന ചെലവായ രൂ.10341139/- ഉൾപ്പടെ 37476521/- രൂപ ലഭിക്കേണ്ടതായിട്ടുണ്ട്. നഗരസഭയിൽ നിന്നും പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിലും സി.വി.പി. ഇനത്തിലും സി.പിഎഫിലേയ്ക്ക് അടയ്ക്കാനുള്ള തുകകൾ യഥാക്രമം 1947144/- രൂപയും 968577/- രൂപയും ജീവനക്കാരന്റെ പെൻഷൻ ആനുകൂല്യമായി സി.പി.എഫിൽ നിന്നും ലഭിച്ച 882084/- രൂപയും കിഴിച്ച് അലോട്ട്മെന്റായി നഗരസഭയ്ക്ക് ഇനി 33678716/- രൂപ ലഭിക്കേണ്ടതായുണ്ട്. നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും യഥാസമയം പെൻഷൻ ആവശ്യത്തിനുള്ള പണം ലഭിക്കാത്തതിനാൽ നഗരസഭാ ഫണ്ടിൽ നിന്നുമാണ് ടി തുക ചെലവഴിക്കുന്നത്.

## 3-14 ബിറ്റുമിൻ വാങ്ങുന്നതിന് അടച്ച അധിക തുക തിരികെ ലഭ്യമാക്കിയിട്ടില്ല

നഗരസഭയുടെ 2015-16 വർഷത്തെ വിവിധ പ്രവൃത്തികൾക്കാവശ്യമായ ബിറ്റുമിൻ വാങ്ങുന്നതിന് തുക സിഡ്കോയ്ക്ക് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| ഇൻവോയ്സ് നമ്പർ | തീയ്യതി | തുക |
|---|---|---|
| 714908 | 27.11.15 | 3086267 |
| 714909 | 27.11.15 | 104393 |
| 714275 | 06.11.15 | 537330 |
| 192043 | 20.01.16 | 29976 |
| 192044 | 20.01.16 | 413675 |
| ആകെ | | 4171641 |

എന്നാൽ താഴെചേർക്കുന്ന ഇൻവോയ്സ് പ്രകാരം 3957559/-രൂപയുടെ ബിറ്റുമിൻ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെചേർക്കുന്നു.

| | | |
|---|---|---|
| 11556 | 4.12.15 | 358798 |
| 11557 | 4.12.15 | 358798 |

| | | |
|---|---|---|
| 11558 | 4.12.15 | 358798 |
| 11564 | 5.12.15 | 358798 |
| 11565 | 5.12.15 | 358798 |
| 11566 | 5.12.15 | 358798 |
| 11577 | 7.12.15 | 358798 |
| 11578 | 7.12.15 | 358798 |
| 11596 | 8.12.15 | 352987 |
| 11597 | 8.12.15 | 358798 |
| 3433 | 3.2.16 | 307280 |
| 14851 | 21.2.16 | 68110 |
| ആകെ | | 3957559 |

ബാലൻസ് 214082/-രൂപക്കുള്ള ബിറ്റുമിൻ ലഭ്യമാക്കുകയോ തുക തിരികെ ഈടാക്കുകയോ ചെയ്യേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തി യുടെ പേര് | ഡി.ഡി. നമ്പർ/തീ. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെല വഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ ബി. | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻ ഷൻ | 216201/16.7.15 | 622814 | 622814 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഈയിനത്തിൽ തുകയൊന്നും നല്കിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാ രംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയു | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ച ടയ്ക്കാൻ |
|---|---|---|---|---|---|

| | | | ണ്ടായിരുന്ന തുക | മുതൽ | പലിശ | ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| മീറ്റ് സ്റ്റാൾ ലോൺ | സ.ഉ.നം. 1646/09 ത.സ്വ.ഭ. 04.07.09 | 6000000 | 863656 | 863656 | 418325.75 | - |
| KURDFC | 7680/RR /2011/എം (റിക്കവറി). | 30405738.00 | 25199784 | 5018922 | 13434464 | 20180862 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 00 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ ഉൾപ്പെടെ) | 500000.00 |
| ആകെ | 500000.00 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 00 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500000.00 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| Equit share-KURDFC | 500000.00 |

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 67517/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11, 11-12 | 3-10(3) | 4435/- | ടി.എൻ .മിനി, മുനിസിപ്പൽ എഞ്ചിനീയർ | 01/11501108100 /8.12.15 |
| 2010-11, 11-12 | 3-10(12) | 8717/- | ടി.എൻ .മിനി, മുനിസിപ്പൽ എഞ്ചിനീയർ | 01/11501108099 /8.12.15 |
| 2010-11, 11-12 | 3-10(3) | 5793/- | ടി.എൻ .മിനി, മുനിസിപ്പൽ എഞ്ചിനീയർ | 01/47940/8.12.15 |
| 2001-02 | 2-15(3) | 18298/- | എൽ .എ.അബ്ദുൾ സലാം, കുഴിക്കടവിൽ | 01/115001105945 /1.10.15 |
| 2012-13 | 2-1 | 15810/- | തൊഴിൽ നികുതി | 101658/27.5.15 |
| 2012-13 | 2-1 | 120/- | തൊഴിൽ നികുതി | 47790/1.1.16 |
| 2010-11, 11-12 | 3-5 | 1304/- | മാത്തപ്പൻ,13-ാംവാർഡ് കൗൺസിലർ | 01/11501106346 /12.10.15 |
| 2010-11, 11-12 | 3-5 | 1304/- | കെ.എ.അബ്ദുൾ സലാം, 12-ാംവാർഡ് കൗൺസിലർ | 01/11501106334 /12.10.15 |
| 2010-11, 11-12 | 3-5 | 1304/- | യൂസഫ് .കെ,5-ാംവാർഡ് കൗൺസിലർ | 01/11501106347 /12.10.15 |

| | | | | |
|---|---|---|---|---|
| 2010-11, 11-12 | 3-5 | 1304/- | രാജി ദിലീപ്,22-ാംവാർഡ് കൗൺസിലർ | 01/11501106349 /12.10.15 |
| 2010-11, 11-12 | 3-5 | 1304/- | ജയകൃഷ്ണൻ നായർ,17-ാംവാർഡ് കൗൺസിലർ | 01/11501106321 /12.10.15 |
| 2010-11, 11-12 | 3-5 | 1304/- | മേരിജോർജ്ജ്, തോട്ടം, 25-ാംവാർഡ് കൗൺസിലർ | 01/11501106352 /12.10.15 |
| 2010-11, 11-12 | 3-5 | 1304/- | കെ.കെ. പ്രകാശ്, 4-ാംവാർഡ്കൗൺസിലർ | 01/11501106375 /12.10.15 |
| 2010-11, 11-12 | 3-5 | 1304/- | സി.എം.ഷുക്കൂർ ,9-ാം വാർഡ്കൗ ൺസിലർ | 01/11501106360 /12.10.15 |
| 2010-11, 11-12 | 3-5 | 1304/- | ഉവാമത്ത് സലീം, 8-ാം വാർഡ്കൗ ൺസിലർ | 01/11501106351 /12.10.15 |
| 2010-11, 11-12 | 3-5 | 1304/- | നിഷ.പി.പി,23-ാം വാർഡ് കൗൺസിലർ | 01/11501106348 /12.10.15 |
| 2010-11, 11-12 | 3-5 | 1304/- | ഉഷ ശശീധരൻ ,3-ാംവാർഡ് കൗൺസിലർ | 01/11501106350 /12.10.15 |
| ആകെ | - | 67517/- | - | - |

(ഓഡിറ്റ് റിക്കവറിയിനത്തിൽ വരവായി -വാർഷിക ധനകാര്യപത്രികയിൽ RP-29-ൽ 73441/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും രജിസ്റ്റർ പ്രകാരമുള്ള യഥാർത്ഥ വരവ് 67517/-രൂപ മാത്രമാണ് )

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

നഗരസഭയിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷി ക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 2.7 | 2006-07 | 4.15.1 | സത്രം-കം-ഷോപ്പിങ്ങ് കോപ്ലക്സ് വാടക വർദ്ധനവ് വരുത്താതിരിക്കൽ നഷ്ടം-39222/-രൂപ | തുക പിരിച്ചെടുത്തു. |
| 2006-07 | 3.30.2 | 2009-10 | 3.8.22(1) | ആധുനിക അറവുശാല നിർമ്മാണം -നഗര സഭയുടെ അശ്രദ്ധ മൂലം ലക്ഷങ്ങളുടെ പാഴ്ചെലവ് | അറവുശാല നിർമ്മാണം നിർത്തി വച്ചിരിക്കുന്നു. |
| 2006-07 | 3.14.1 | 2009-10 | 3.7.11(1) | വനിതാ വ്യവസായ വികസനം-ഫോട്ടോ സ്റ്റാറ്റ് മെഷീൻ സ്ഥാപിക്കൽ | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 135841215 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 175451389 |
| വരവിനങ്ങളിലുള്ള നഷ്ടം | 177646 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 137667 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 622313 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 175736.00 | - | വി.പി.ഷിബു,സെക്രട്ടറി |
| 2-2 | 1910.00 | - | വി.പി.ഷിബു,സെക്രട്ടറി |
| 3-3 | - | 1920 | വി.പി.ഷിബു,സെക്രട്ടറി |
| 3-4 | - | 86803 | പി.യു.ശിവപ്രസാദ്,എക്സി.എഞ്ചിനീയർ |
| 3-6 | - | 37189 | പി.യു.ശിവപ്രസാദ്,എക്സി.എഞ്ചിനീയർ |
| 3-7 | - | 5271 | പി.യു.ശിവപ്രസാദ്,എക്സി.എഞ്ചിനീയർ |
| ആകെ | 177646.00 | 137667 | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5000 | എം. മുഹമ്മദ് ഹുവൈസ്,സെക്രട്ടറി |
| | 10000 | ബിന്ദു വി.കെ,റവന്യൂ ഓഫീസർ (സെക്രട്ടറി ഇൻ ചാർജ്) |
| | 10000 | വി.പി ഷിബു സെക്രട്ടറി |
| 3-9 | 544500 | വി.പി ഷിബു.സെക്രട്ടറി |
| 3-10 | 27813 | പി.യു. ശിവപ്രസാദ് എക്സി.എഞ്ചിനീയർ |
| 3-11 | 25000 | വി.പി ഷിബു സെക്രട്ടറി |
| ആകെ | 622313 | - |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം- ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| വി.പി.ഷിബു, സെക്രട്ടറി | സെക്രട്ടറി, മൂവാറ്റുപുഴ നഗരസഭ | വട്ടക്കന്നേൽ, വാരപ്പെട്ടി.പി.ഒ |
| പി.യു.ശിവപ്രസാദ്,എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ, വാഴക്കുളം ബ്ലാക്ക് | പടിഞ്ഞാറ്റിടത്ത്, ചെറായി.പി.ഒ, എറണാകുളം ജില്ല |
| എം മുഹമ്മദ് ഹുവൈസ്,സെക്രട്ടറി | സെക്രട്ടറി,അടൂർ നഗരസഭ | കല്ലേലിൽ വീട്,പുത്തൻചന്ത ചവറ,കൊല്ലം |
| ബിന്ദു വി.കെ,റവന്യൂ ഓഫീസർ(സെക്രട്ടറി ഇൻചാർജ്) | റവന്യൂ ഓഫീസർ,മൂവാറ്റുപുഴ നഗരസഭ | പുലരി,പോളക്കുളം, തുരുത്തി പി.ഒ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | LFE(EKM)M1 519/88/15-06-00 |
| 1997-98 | LFE(EKM)M1 128/93/22-12-93 |
| 1998-99 | LFE(EKM)M1 129/01/12-12-01 |
| 1999-00, 2000-01 | LFE(EKM)M2 1943/09/13-11-07 |
| 1999-00, 2000-01 | LFE(EKM)M2 43/05/19-04-88 |
| 1997-98 | LFE(EKM)M2 1555/88/3-11-12 |
| 1998-99 | LFE(EKM)M2 43/05/19-04-88 |
| 1999-00 | LFE(EKM)M2 1555/88/3-11-12 |
| 2000-01 | LFE(EKM)M2 775/05/29-12-05 |
| 2001-02 | LFE(EKM)M1 1158/07/21-11-07 |
| 2002-03 | LFE(EKM)M1 441/08/11-05-09 |
| 2003-04 | LFE(EKM)M1 383/12/30-03-12 |
| 2004-05 | LFE(EKM)M2 43/13/07-01-13 |
| 2005-06 | LFE(EKM)M2 43/13/07-01-13 |
| 2006-07 | LFE(EKM)M1 441/08/11-05-09 |
| 2007-08 | LFE(EKM)M1 139/10/17-10-11 |
| 2008-09 | LFE(EKM)M1 519/88/15-06-00 |
| 2009-10 | LFE(EKM)M1 314/11/10-02-12 |
| 2010-11, 2011-12 | LFE(EKM)M2 14/14/29-01-15 |
| 2012-13 | LFE(EKM)M2 972/15/16-11-15 |
| 2013-14, 14-15 | KSA(EKM)M2 1116/2016/13-07-16 |

.

ജോയിൻറ് ഡയറക്ടർ

# Annexure-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(എം1)101/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :08.02.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1997 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295, 4ാം ഉപവകുപ്പ് അനുസരിച്ചും നഗരസഭകളുടെ ഓഡിറ്റിന് വേണ്ടി കൺട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ നഗരസഭയുടെ 01.04.2015 മുതൽ 31.03.2016 വരെയുള്ള വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൂവാറ്റുപുഴ നഗരസഭയുടെ 01.04.2015 മുതൽ 31.03.2016 വരെയുള്ള വാർഷിക ധനകാര്യ പത്രിക,

വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

# APPENDIX - I

## AUDIT CERTIFICATE

No.K.S.A.-EKM($M_1$)101/2017

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271
E-mail : lfadekm@gmail.com
Dated: 08.02.2017

Certified that I have audited the Financial Statement of Muvattupuzha Municipality in Ernakulam district for the period from 01.04.2015 to 31.03.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 295(4) of Kerala Municipality Act 1997, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Municipal Institutions.

In my opinion, the Financial Statements of Muvattupuzha Municipality for the period from 01.04.2015 to 31.3.2016 except the observations in my audit report properly presents the picture of income and expenditure.

.

Joint Director